## ഭവന നിർമ്മാണ ബോർഡ് വഴി പാവപ്പെട്ടവർക്ക് വീട്

352(2708) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് വഴി പാവപ്പെട്ടവർക്ക് വീട് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി (ROMHS), എം.എൻ ലക്ഷം വീട് പാർപ്പിട പദ്ധതി (MNOLHS), സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ദുർബ്ബല/താഴ്ന്ന വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് കണ്ണൂർ ജില്ലയിലെ പട്ടുവം, കോഴിക്കോട് ജില്ലയിലെ മുക്കം എന്നിവിടങ്ങളിൽ ഓരോയിടത്തും ചെലവ് കുറഞ്ഞ നിർമ്മാണരീതി അവലംബിച്ച് 3 നിലകളുള്ള 3 ബ്ലോക്കുകളിൽ 36 ഭവന യൂണിറ്റുകളും വയനാട് ജില്ലയിലെ തൃക്കൈപ്പറ്റയിൽ 415 ചതുരശ്രഅടി വീതം വിസ്തീർണ്ണമുള്ള 18 വീടുകളും നിർമ്മിക്കുന്ന പദ്ധതിക്ക് 16-1-2021-ലെ സ.ഉ.(സാധാ).നമ്പർ 4/2021/ഭവനം പ്രകാരം 1290 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് ഒരു വർഷത്തിനകം നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ദുർബ്ബല/താഴ്ന്ന വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് കൊല്ലം ജില്ലയിലെ കരീപ്ര, ഇടുക്കി ജില്ലയിലെ പീരുമേട് എന്നിവിടങ്ങളിൽ 36 യൂണിറ്റ് വീതമുള്ള കെട്ടിട സമുച്ചയ നിർമ്മാണ പദ്ധതിക്ക് ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ബി) ഈ പദ്ധതി വഴി എത്ര പേർക്ക് സ്വപ്നഭവനം സ്വന്തമാക്കാനായി എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി (ROMHS), എം.എൻ ലക്ഷം വീട് പാർപ്പിട പദ്ധതി (MNOLHS), സാഫല്യം ഭവന പദ്ധതി എന്നീ പദ്ധതികളിലായി വീട് നൽകിയ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. 2020-2021 സാമ്പത്തിക വർഷത്തിലെ ദുർബ്ബല/താഴ്ന്ന വിഭാഗക്കാർക്കായുള്ള

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഭവന നിർമ്മാണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനകം പൂർത്തിയാക്കി കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 36 വീതം ഗുണ ഭോക്താക്കൾക്കും വയനാട് ജില്ലയിൽ 18 ഗുണഭോക്താക്കൾക്കും ഫ്ലാറ്റ്/ വീട് നിർമ്മിച്ച് നൽകുവാൻ സാധിക്കുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തെ ദുർബ്ബല/ താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം കൊല്ലം, ഇടുക്കി എന്നീ ജില്ലകളിലെ 36 ഗുണഭോക്താക്കൾക്ക് വീതം ഫ്ലാറ്റ്/ വീട് നിർമ്മിച്ച് നൽകുവാൻ സാധിക്കുന്നതാണ്. ഗൃഹശ്രീ ഭവന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ 2000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 2020-21-ൽ ബോർഡിൽ ലഭിച്ച 1000 അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനോടകം നടപടിക്രമങ്ങൾ പൂർത്തീകരിച്ച 147 അപേക്ഷകർക്ക് ഒന്നാം ഗഡു അനുവദിച്ചിട്ടുള്ളതും നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുന്നതുമാണ്.

**സംസ്ഥാനത്തെ ഭവനരഹിതരായ കുടുംബങ്ങൾ**

353(2709) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ എത്ര കുടുംബങ്ങളുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ലൈഫ് മിഷൻ പദ്ധതി പ്രകാരം നിലവിൽ ഭവനരഹിതരായ കുടുംബങ്ങളുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.*

(ബി) ബാങ്കുകൾ മറ്റിതര ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ ജപ്തിമൂലം വീട് നഷ്ടപ്പെട്ടവർ എത്ര; വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല.

(സി) ജപ്തി വഴി കിടപ്പാടം നഷ്ടപ്പെടുന്നത് തടയാനും ഒരു സെന്റിലും അര സെന്റിലും പ്ലാസ്റ്റിക് ഷീറ്റും മറ്റ് മറകളുമായി താമസിക്കുന്നവർക്ക് ഉൾപ്പെടെ സ്വന്തമായൊരു വീട് നൽകുന്നതും പരിഗണിച്ച് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാനായി കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്നും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

---

*(പ്രസ്തുത ചോദ്യത്തിന്റെ '(എ)' പിരിവിന്റെ ഉത്തരം പൂർണ്ണമായും നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly